(ബി) എപ്പോൾ തയ്യാറാക്കിയതാണ് ഈ ലിസ്റ്റ് തയ്യാറാക്കുവാൻ സ്വീകരിച്ചത് ;

(സി) ഈ ലിസ്റ്റ് തയ്യാറാക്കിയതിൽ തെറ്റുപറ്റിയിട്ടുണ്ടെന്നുള്ള വിവരം മന്ത്രിയുടെ മനസ്സിലായോ ;

(ഡി) തഹസീൽദാരന്മാരിൽ അതൃപ്തിയെങ്കിലും പരാതിയുണ്ടോ ?

റവന്യൂവകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി) :

(എ) ഉണ്ട്.

(ബി) തഹസീൽദാരന്മാരായി ഉദ്യോഗക്കയറ്റം കിട്ടുന്നതിനുള്ള സർവ്വീസ് കണക്കാക്കിയാണ്.

(സി) ചില തെറ്റുകൾ പറ്റിയിട്ടുണ്ട്.

(ഡി) ഉണ്ട്.

ശ്രീ. എൻ. രാജഗോപാലൻനായർ : പരാതിയെസംബന്ധിച്ച് തീരുമാനമെടുക്കുകയുണ്ടായോ ?

ശ്രീമതി കെ. ആർ. ഗൗരി : രണ്ടുമൂന്നുപേരുടെ പരാതികൾ വന്നുകഴിഞ്ഞപ്പോഴാണ് ചില തെറ്റുകൾ പറ്റിയിട്ടുണ്ടെന്നുള്ള മനസ്സിലായത്. ഉദ്യോഗക്കയറ്റമായിട്ടുള്ള സർവ്വീസ് കണക്കാക്കുന്നതിനുള്ളതാണ് സർവീസ് ലിസ്റ്റ്. എങ്കിലും ലിസ്റ്റ് തയ്യാറാക്കിയപ്പോൾ ചില ആളുകളുടെ ബ്രേക്ക് അപ്പ് സർവീസ് കണക്കിലെടുത്തില്ല. അങ്ങനെയാണ് തെറ്റുപറ്റിയത്. അത് മനസ്സിലാക്കിയ ഉടനെ അതിനുമേൽ നടപടിയെടുത്തു.

ശ്രീ. എൻ. രാജഗോപാലൻ നായർ : മൊത്തം എത്ര പരാതികൾ ഈ കാര്യത്തെപ്പറ്റി വന്നിട്ടുണ്ടെന്നു പറയാമോ ?

ശ്രീമതി കെ. ആർ. ഗൗരി : എത്ര പരാതികൾ കിട്ടിയിട്ടുണ്ടെന്നു അറിയാൻ പാടില്ല. ശ്രീ. രാജഗോപാലൻനായർ എന്റെ അടുത്തു മാത്രം പരാതി വന്നു. വേറെ Association നൊ തഹസീൽദാരന്മാരൊ ഒക്കെ വന്നിട്ടുണ്ട്.

ശ്രീ. എം. എം. മത്തായി : ചില തെറ്റുകൾ പറ്റിയിട്ടുണ്ടെന്നു പറഞ്ഞതിന്റെ സ്വഭാവമെന്തെന്നു പറയാമോ ?

ശ്രീമതി കെ. ആർ. ഗൗരി : ഉദ്യോഗക്കയറ്റമായിട്ടുള്ള സർവീസ് രജിസ്റ്റർമാണ് കണക്കിലെടുക്കേണ്ടത്. അതനുസരിച്ചു ലിസ്റ്റ് തയ്യാറാക്കിയപ്പോൾ റിവർഷന്റെ കാലം കണക്കിലെടുത്തില്ല. അതുകൊണ്ടാണ് തെറ്റു വന്നത്.

അദ്ധ്യാപക വിദ്യാർത്ഥികളുടെ സമരം.

* 1815. [30] ശ്രീ. പി. എം. കുഞ്ഞിരാമൻനമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) ഈ കഴിഞ്ഞ മാർച്ച് മാസത്തിൽ മലബാറിലെ അദ്ധ്യാപക വിദ്യാർത്ഥികൾ നടത്തിയ സമരത്തെത്തുടർന്ന് ഏതെങ്കിലും ട്രെയിനിംഗ് സ്കൂളിലെ വിദ്യാർത്ഥികളുടെ പ്രമോഷൻ നിഷേധിക്കുകയുണ്ടായോ ; ഉണ്ടെങ്കിൽ ഏത് സ്കൂളിലെ വിദ്യാർത്ഥികളെ ;

(ബി) പ്രസ്തുത സമരം പിൻവലിച്ചതിനെത്തുടർന്ന് അദ്ധ്യാപക വിദ്യാർത്ഥികൾ ആവശ്യപ്പെട്ട ഒസ്റ്റൈപ്പൻഡ് മൊണായി കൊടുക്കുവാൻ അവരുടെ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഏത് തവണകളിലായി ഏതുകാലംമുതൽ തിരിച്ചുകൊടുക്കുവാനാണ് വ്യവസ്ഥ ചെയ്യുവാൻ പോകുന്നത് ;

(ഡി) അവരിൽ ചുമത്തുവാനുദ്ദേശിക്കുന്ന ഫീസും മൊണായി കൊടുക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി) :

(എ) വിവരം ശേഖരിച്ചുവരുന്നതേയുള്ളൂ.

(ബി) കെയ്സ്റ്റൈപ്പൻഡ് ലോണായി കൊടുക്കുന്നതിനു് ഉത്തരവു നൽകിയിട്ടുണ്ടു്.

(സി) ട്രെയ്നിംഗ് കോഴ്സു് കഴിഞ്ഞതിനുശേഷം മൂന്നു കൊല്ലത്തിനകം തിരിച്ചുതരണമെന്നാണു വ്യവസ്ഥ.

(ഡി) ഫീസു് തൽക്കാലം അവർ കൊടുക്കേണ്ടതില്ല. മൂന്നുകൊല്ലത്തിനകം അതു അടച്ചാൽ മതിയെന്നും പറഞ്ഞിട്ടുണ്ടു്.

ശ്രീ. പി. എം. കുഞ്ഞിരാമൻനമ്പ്യാർ: സർ, കഴിഞ്ഞ മാർച്ചുമാസത്തിൽ മലബാറിലെ അദ്ധ്യാപക വിദ്യാർത്ഥികൾ നടത്തിയ സമരത്തെ തുടർന്നു് ഏതെങ്കിലും ട്രെയിനിംഗ് സ്കൂളിലെ വിദ്യാർത്ഥികളുടെ പ്രമോഷൻ നിർത്തിവച്ചിട്ടുണ്ടോ എന്നുള്ളതാണ് 'എ' ഉപചോദ്യത്തിൽ ചോദിച്ചിരിക്കുന്നതു്. അതിനു വിവരം ശേഖരിക്കേണ്ട കാര്യമെന്താണെന്നു മനസ്സിലാകുന്നില്ല. അതിനുള്ള വിവരം ഇവിടെനിന്നുതന്നെ ലഭിക്കാവുന്നതേയുള്ളൂ.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഈ രാജ്യത്തു് ഒരൊറ്റ സ്കൂളിനുമാത്രമല്ലാ ഉള്ളതു്. ഏതു സ്കൂളിലെ ഏതു കുട്ടിക്കു പ്രമോഷൻ കൊടുത്തിട്ടില്ലായെന്നുള്ള വിവരം ശേഖരിക്കാതെ പറയാൻ സാധ്യമല്ല.

ശ്രീ. എം. നാരായണക്കുറുപ്പു് : അവർക്കു ചെയ്തുകൊടുത്തിട്ടുള്ള ആനുകൂല്യം മൂന്നുകൊല്ലത്തിനകം തിരിച്ചടയ്ക്കണമെന്നാണു വ്യവസ്ഥ എന്നു പറഞ്ഞു. മൂന്നുകൊല്ലത്തിനകം അവർക്കു് ഉദ്യോഗം കിട്ടുമെന്നാണോ കരുതുന്നതു് ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : മൂന്നുകൊല്ലത്തിനകം അവർക്കു ഉദ്യോഗം കിട്ടുമെന്നാണു പ്രതീക്ഷ.

ശ്രീ എം. എം. മത്തായി : എന്തു സെക്യൂരിറ്റിയിന്മേലാണു അവർക്കു് ഈ ലോൺ കൊടുത്തിരിക്കുന്നതു് ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അതിനെസംബന്ധിച്ചു് വ്യവസ്ഥയുണ്ടു്. അതനുസരിച്ചാണു് കൊടുത്തിരിക്കുന്നതു്.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : മൂന്നുകൊല്ലത്തിനുള്ളിൽ അവർക്കു ഉദ്യോഗം കിട്ടിയില്ലെങ്കിൽ ഈ സംഖ്യ മുഴുവനായിട്ടു അടയ്ക്കണമെന്നാണോ വ്യവസ്ഥ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : മുഴുവനായിട്ടു അടയ്ക്കേണ്ട. തവണകളായിട്ടു അടച്ചാൽ മതി.

Training of Health Visitors Course.

1815. A [31] **Shri K. A. Balan** : Will the Minister for Health be pleased to state :

(a) How many batches of maternity Assistants were given the training of Health Visitor's Course ;

(b) whether the candidates for the above training were selected by the Public Service Commission or by the Department ; and

(c) whether the department has promoted the trained hands to the posts of Health Visitors, if not why ?

LIBRARY ARCHIVES Kerala Legislative Assembly